പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3183 03/04/2013- ൽ മറുപടിക്ക്

## റീജിയണൽ ആർട്ടിഫിഷ്യൽ ഇൻസേർമിനേഷൻ സെന്ററുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ഇ.കെ. വിജയൻ: | ശ്രീ. കെ.പി മോഹനൻ (കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി ) |
| എ) സംസ്ഥാനത്ത് നിലവിൽ എത്ര റീജിയണൽ ആർട്ടിഫിഷ്യൽ ഇൻസേർമിനേഷൻ സെന്ററുകൾ ഉണ്ട് ; പേര് വിവരം വ്യക്തമാക്കാമോ; | എ) സംസ്ഥാനത്ത് 38 റീജിയണൽ ആർട്ടിഫിഷ്യൽ ഇൻസേർമിനേഷൻ സെന്ററുകൾ ഉണ്ട്. ആറ്റിങ്ങൾ, നെടുമങ്ങാട്, തിരുവനന്തപുരം, ആറാലുംമൂട്, പാറശ്ശാല, കൊട്ടിയം, പത്തനാപുരം, കൊട്ടാരക്കര, ശാസ്താംകോട്ട, റാന്നി, മല്ലപ്പള്ളി, പത്തനംതിട്ട, കട്ടപ്പന, തൊടുപുഴ, അടിമാലി, നെടുങ്കണ്ടം, ആലുവ, ചേർത്തല, മാവേലിക്കര, വൈക്കം, കാഞ്ഞിരപ്പള്ളി, കൊടുങ്ങല്ലൂർ, കുന്നംകുളം, ചാലക്കുടി, ചേർപ്പ്, പാലക്കാട്, ഷൊർണ്ണൂർ, മണ്ണാർക്കാട്, കോഴിക്കോട്, മീനങ്ങാടി, നിലമ്പൂർ, ആതവനാട്, കണ്ണൂർ, പയ്യന്നൂർ, ഇരിട്ടി, കൊമേരി, കാസർഗോഡ്, കാഞ്ഞങ്ങാട്. |
| ബി) പ്രസ്തുത സെന്ററുകളിൽ എത്ര ജീവനക്കാർ ജോലി ചെയ്യുന്നുണ്ട്; കാറ്റഗറി തിരിച്ചുള്ള കണക്ക് നൽകുമോ; | ബി) ആകെ 425 ജീവനക്കാർ 38 ആർ.എ.ഐ.സി കളിലായി ജോലി ചെയ്യുന്നു. അസിസ്റ്റന്റ് പ്രോജക്ട് ഓഫീസർ -38, വെറ്ററിനറി സർജ്ജൻ - 38, ഫീൽഡ് ഓഫീസർ -45, ക്ലർക്ക് -92, ഹെഡ് ക്ലർക്ക് - 18, ടൈപ്പിസ്റ്റ്- 40, പ്യൂൺ-53, ഡ്രൈവർ -35, പാർട്ട്ടൈം സ്വീപ്പർ-38, സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് -3, അറ്റന്റന്റ് - 25. |
| സി) പ്രസ്തുത സെന്ററുകൾക്ക് കീഴിൽ എത്ര ഐ.സി.ഡി.പി സബ് സെന്ററുകൾ ഉണ്ട്; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ; | ആകെ 1284 സബ് സെന്ററുകൾ പ്രവർത്തിക്കുന്നുണ്ട്.<br>1. തിരുവനന്തപുരം - 145<br>2. കൊല്ലം - 146 |

| | | |
|---|---|---|
| 3. ആലപ്പുഴ | - | 62 |
| 4.കോട്ടയം | - | 79 |
| 5. ഇടുക്കി | - | 86 |
| 6. പത്തനംതിട്ട | - | 94 |
| 7. എറണാകുളം | - | 46 |
| 8. പാലക്കാട് | - | 94 |
| 9. തൃശ്ശൂർ | - | 98 |
| 10. മലപ്പുറം | - | 97 |
| 11. കോഴിക്കോട് | - | 62 |
| 12. കണ്ണൂർ | - | 136 |
| 13. കാസർഗോഡ് | - | 62 |
| 14. വയനാട് | - | 77 |

ഡി) റീജിയണൽ എ-ഐ സെന്ററുകൾ നിലവിൽ എന്തൊക്കെ പ്രവർത്തനങ്ങളാണ് നടത്തുന്നത്; വിശദമാക്കാമോ;

ഡി) വകുപ്പിലെ പ്രവർത്തനങ്ങൾ, വകുപ്പ് മുഖേന നടപ്പിലാക്കുന്ന ക്രോസ് ബ്രീഡിംഗ് പ്രവർത്തനങ്ങളുടെ മേൽനോട്ടം, ഫോഡർ മിനികിറ്റ് വിതരണം, എ.ഡി.സി.പി, അസ്കാഡ് വാക്സിനേഷൻ എന്നിവയുടെ നടത്തിപ്പ് എന്നിവയാണ് നിലവിൽ ആർ.എ.ഐ.സിയുടെ പ്രവർത്തനങ്ങൾ.

ഇ) [illegible] പ്രവർത്തിക്കുന്ന ഐ.സി.ഡി.എസ് സബ് സെന്ററുകളുടെ പ്രവർത്തനം പഞ്ചായത്തുകളിലെ വെറ്ററിനറി ഡിസ്പെൻസറി/ വെറ്ററിനറി ഹോസ്പിറ്റലുകളുടെ കീഴിൽ കൊണ്ടു വരുമ്പോൾ എന്തൊക്കെ നേട്ടങ്ങളാണ് ലഭിക്കുന്നത്; വിശദമാക്കാമോ?

ഇ) സങ്കര പ്രജനനപദ്ധതി മൃഗസംരക്ഷണ വകുപ്പ് നടപ്പിലാക്കുന്നത് 1080 മൃഗാശുപത്രികളും 1358 സബ്സെന്ററുകളും മുഖേനയാണ്. മൃഗസംരക്ഷണ വകുപ്പിന്റെ നിരവധി പദ്ധതികളിൽ ഒന്നു മാത്രമാണ് സങ്കരവർഗ്ഗ പ്രജനനവും തുടർ പ്രവർത്തനങ്ങളും. ജനകീയാസൂത്രണ പദ്ധതി രൂപീകരണം, നിർവ്വഹണം എന്നിവയും കേന്ദ്ര സംസ്ഥാന പദ്ധതികളുടെ നടത്തിപ്പും രോഗ പ്രതിരോധ നടപടികളും വിജ്ഞാനവ്യാപനവും കർഷകരുടെ മൃഗങ്ങൾക്കാവശ്യമായ ചികിത്സ നൽകുന്നതും ഉൾപ്പെടെയാണ് മൃഗസംരക്ഷണ വകുപ്പിന്റെ പ്രവർത്തനമേഖല. ആകെയുള്ള ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർമാരുടെ എണ്ണം 2438 ഉണ്ടെങ്കിലും 1080 പേരുടെ സേവനം മാത്രമേ ക്രോസ്സ് ബ്രീഡിംഗ് ഒഴികെയുള്ള പ്രവർത്തനങ്ങൾക്ക് ലഭ്യമാകുന്നുള്ളു. ഒരു പഞ്ചായത്തിൽ തന്നെ ഒരു മൃഗാശുപത്രിയും 2 മുതൽ 3 വരെ സബ് സെന്ററുകളും ഉണ്ടെങ്കിലും മേൽ പറഞ്ഞ പ്രവർത്തികൾ ചെയ്യുന്നതിന് നിലവിലുള്ള മൃഗാശുപത്രിയിലെ ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർമാരുടെ സേവനം മാത്രമേ

ലഭ്യമാകുന്നുള്ളു. സബ് സെന്ററുകൾ മൃഗാശുപത്രിയുടെ കീഴിൽ കൊണ്ടുവന്നാൽ 1358 ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർമാരുടെ സേവനം ഈ മേഖലയുടെ മറ്റു പ്രവർത്തനങ്ങൾക്കു കൂടി വിനിയോഗിക്കുവാൻ സാധിക്കും. പദ്ധതികളുടെ നടത്തിപ്പിന് ഇത് ഫലപ്രദമായിരിക്കും. ഐ.സി.ഡി.പി സബ് സെന്ററുകളുടെ ചുമതല ആർ.എ.ഐ.സി-ക്ക് കീഴിലാകുമ്പോൾ ആ സെന്ററുകളുടെ സാങ്കേതിക മേൽനോട്ട ചുമതല പഞ്ചായത്തിലെ വെറ്ററിനറി സർജനിൽ നിക്ഷിപ്തമാണ്. എന്നാൽ ഭരണപരമായ ചുമതല ആർ.എ.ഐ.സിയുടെ കീഴിലാണ്. അതോടൊപ്പം പഞ്ചായത്തിന് കൈമാറ്റം ചെയ്ത സ്ഥാപനവുമാണ് ഈ സബ്സെന്ററുകൾ. ഇരട്ട നിയന്ത്രണം ഒഴിവാക്കി ഐ.സി.ഡി.പി സബ്സെന്ററുകൾ വെറ്ററിനറി ആശുപത്രികളുടെ കീഴിൽ കൊണ്ടുവരുമ്പോൾ 2438 ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർമാരുടേയും സേവനം പഞ്ചായത്തിന് ഫലപ്രദമായി വിനിയോഗിക്കുവാൻ സാധിക്കുമെന്നത് നേട്ടമാണ്. ആർ.എ.ഐ.സിയും, ഐ.സി.ഡി.പി സബ്സെന്ററുകളും തമ്മിൽ 20 മുതൽ 50 കിലോമീറ്റർ വരെ അകലം നിലവിലുണ്ട്. ഈ സാഹചര്യത്തിൽ കാര്യക്ഷമമായ മേൽ നോട്ടത്തിന്റെ പോരായ്മകൾ അനുഭവപ്പെടുന്നു. എന്നാൽ സബ്സെന്ററുകൾ വെറ്ററിനറി ഹോസ്പിറ്റലിന്റെ നിയന്ത്രണത്തിൽ കൊണ്ടു വരുമ്പോൾ ഈ ദൂരം 5 കിലോമീറ്ററായി കുറയുന്നു. ഇതും ഐ.സി.ഡി.പി സബ് സെന്ററിന്റെ കാര്യക്ഷമമായ പ്രവർത്തനത്തിന് സഹായകമാകും. ഭരണപരമായും, സാങ്കേതിക പരവുമായുള്ള ചുമതലകൾ പഞ്ചായത്തിലെ വെറ്ററിനറി സർജനിൽ നിക്ഷിപ്തമാകുന്നത് വകുപ്പിന്റെ പ്രവർത്തനത്തിനും കർഷകർക്ക് ലഭിക്കുന്ന സേവനങ്ങൾക്കും വളരെയധികം പ്രയോജനകരമായിരിക്കുമെന്നത് എടുത്തു പറയാവുന്ന നേട്ടമാണ്.

സെക്ഷൻ ഓഫീസർ

ns